# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 19 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ ഒരാൾക്ക് കൂടി കോവിഡ്

ജില്ലയിൽ ഒരാൾക്ക് കൂടി കോവിഡ് 19 സ്ഥിരീകരിച്ചു. ഇക്കഴിഞ്ഞ 15 ന് ചെന്നൈയിൽ നിന്ന് വാളയാർ വഴി തിരിച്ചെത്തിയ ഒല്ലൂർ സ്വദേശിയായ യുവാവിനാണ് (36) കോവിഡ് സ്ഥിരീകരിച്ചത്. ഇദ്ദേഹത്തിനൊപ്പം വാളയാറിൽ എത്തിയ സുഹൃത്തും മൂർക്കനിക്കര സ്വദേശിയുമായ യുവാവിനെ രോഗലക്ഷണങ്ങളുമായി പാലക്കാട് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 17 ന് കോവിഡ് സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.

ജില്ലയിൽ വീടുകളിൽ 6841 പേരും ആശുപത്രികളിൽ 33 പേരും ഉൾപ്പെടെ ആകെ 6874 പേരാണ് നിരീക്ഷണത്തിലുള്ളത്. ബുധനാഴ്ച (മെയ് 20) നിരീക്ഷണത്തിന്റെ ഭാഗമായി എഴ് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അഞ്ച് പേരെ ഡിസ്ചാർജ്ജ് ചെയ്തു.

ബുധനാഴ്ച (മെയ് 20) അയച്ച 33 സാമ്പിളുകൾ ഉൾപ്പെടെ ഇതു വരെ 1578 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1538 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 40 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്.

383 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. ബുധനാഴ്ച (മെയ് 20) 99 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1577 പേരെയും മത്സ്യചന്തയിൽ 960 പേരെയും ബസ് സ്റ്റാന്റിലെ പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 115 പേരെയും സ്ക്രീൻ ചെയ്തു.

നാട്ടിലേക്കു തിരിച്ചെത്തിയ പ്രവാസികൾക്കും അന്യസംസ്ഥാനത്തിൽ നിന്നുമുള്ള മലയാളികൾക്കും അതിർത്തി പ്രദേശങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ ആരോഗ്യപ്രവർത്തകർ സ്ക്രീനിങ്ങ് നടത്തുന്നു. നിരീക്ഷണത്തിൽ കഴിയുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ബോധവൽക്കരണ കിറ്റും നൽകുന്നുണ്ട്.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാഞ്ഞാൾ മേഖലയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

## സ്ഥാപനങ്ങളിൽ ക്വാറന്റീനിൽ കഴിയുന്നത് 572 പേർ

വിദേശത്ത് നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തി സർക്കാർ ഏർപ്പെടുത്തിയ നിരീക്ഷണകേന്ദ്രങ്ങളിൽ കഴിയുന്നത് 572 പേർ. വിദേശത്ത് നിന്ന് തിരിച്ചെത്തിയ 304 പേരാണ് 7 കോവിഡ് കെയർ സെന്ററുകളിൽ നിരീക്ഷണത്തിലുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർക്കായി 64 കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു.

# കോവിഡ് 19 തുടർ വിദ്യാഭ്യാസ പരിപാടി ഉദ്ഘാടനം ബുധനാഴ്ച (മെയ് 20)

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സർവകലാശാലയിലെ അധ്യാപകർക്കായി മഹാമാരിയുടെ ഏറ്റവും പുതിയ വിവരങ്ങളെക്കുറിച്ചും ഗവേഷണ രീതികളെക്കുറിച്ചും ഓൺലൈനായി തുടർവിദ്യാഭ്യാസ പരിപാടി നടത്തുന്നു. ഇന്റർനെറ്റ് ആസ്പദമാക്കി വിദൂര അധ്യാപന രീതിയിൽ നടത്തുന്ന ഈ പരിപാടിയിൽ കേരളത്തിലെ നൂറിൽപരം അധ്യാപകർ പങ്കെടുക്കും. ആഴ്ചയിൽ രണ്ടു വീതം തുടങ്ങുന്ന ചർച്ച, ക്ളാസുകളുടെ ഉദ്ഘാടനം ബുധനാഴ്ച (മെയ് 20) ഉച്ചയ്ക്ക് രണ്ടു മണിക്ക് ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹൻ കുന്നമ്മേൽ നിർവഹിക്കും. ഇതേതുടർന്ന് കോവിഡ് 19 നെക്കുറിച്ചുള്ള ഏറ്റവും പുതിയ വൈജ്ഞാനിക കണ്ടെത്തലുകൾ, ഗവേഷണ രീതികൾ, കേരളത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റെടുക്കേണ്ട മുൻഗണനകൾ, കോവിഡ് 19 പ്രതിരോധത്തിന്റെ ശാസ്ത്രീയ മാർഗ്ഗങ്ങൾ, നൂതനമായ പ്രതിരോധ രീതികൾ എന്നിവയെക്കുറിച്ചാണ് ക്ലാസുകൾ നടക്കുക. കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളിലെ അധ്യാപകരെയും ഗവേഷകരേയും പരമാവധി ഗവേഷണത്തിലേക്ക് ലഭ്യമാക്കാൻ കൂടിയാണ് ഈ കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ വിദഗ്ധർക്ക് പുറമേ മറ്റു ക്ഷണിക്കപ്പെട്ട വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടാണ് കോഴ്സ് നടത്തുക എന്ന് രജിസ്ട്രാർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് helpdesk@kuhs.ac.in എന്ന ഈ മെയിലിലോ 04872207650, 04872207664 എന്നീ നമ്പറുകളിലോ ബന്ധപ്പെടാം.

# ചികിത്സാ ധനസഹായമായി 33.27 ലക്ഷം അനുവദിച്ചു

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ മുഖാന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ നിധി എന്നിവയിൽ നിന്നും ധനസഹായത്തിന് അപേക്ഷിച്ച 92 പേർക്ക് 33,27,000 രൂപ അനുവദിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 81 പേർക്ക് 30,27,000 രൂപയാണ് ചികിത്സ ധനസഹായമായി അനുവദിച്ചത്. ഈ സംഖ്യ ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ഓരോ അപേക്ഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറും.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ചികിത്സ ധനസഹായ നിധിയിൽ നിന്നും 11 പേർക്ക് 300000 രൂപയാണ് അനുവദിച്ചത്. ഈ സംഖ്യ അതാത് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബ്ലോക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസർ മുഖാന്തരം കൈമാറുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

# നടത്തറ ഗ്രാമപഞ്ചായത്തിൽ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് തുടക്കം

നടത്തറ ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻകാവിൽ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് തുടക്കമായി. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 22 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി നീക്കിവെച്ചിരിക്കുന്നത്. ഈ പദ്ധതിയോടെ നടത്തറ ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകൾക്ക് കൃഷി ചെയ്യാനും മറ്റു ദൈനംദിന പ്രവർത്തനങ്ങൾക്കുമുള്ള ജലം ലഭ്യമാകും. പ്രദേശത്തെ കുളത്തിൽ നിന്നും കനാൽ വഴി വെള്ളം പമ്പ് ചെയ്ത് സമ്പിലേക്ക് എത്തിക്കും. രണ്ട് ഷട്ടറുകൾ ഉപയോഗിച്ച് 400 മീറ്റർ വെള്ളം സംഭരിച്ചാണ് വിവിധ വാർഡുകളിലേക്ക് വെള്ളം വിതരണം ചെയ്യുക.

# കുടുംബശ്രീ ജെൻഡർ ഓൺലൈൻ സ്കൂൾ

സ്ത്രീ പദവി സ്വയംപഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള തുടർ പരിശീലന ക്ലാസുകളും അയൽക്കൂട്ടതല ചർച്ചകളും ലോക്ഡൗൺ സമയത്തും തുടരുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ 'ജെൻഡർ ഓൺലൈൻ സ്കൂൾ' ആരംഭിച്ചു. അയൽക്കൂട്ട അംഗങ്ങളിൽ ലിംഗപദവി സമത്വ അവബോധനം സൃഷ്ടിക്കുന്നതിനായാണ് ഓൺലൈൻ പഠന സഹായി തയ്യാറാക്കിയിരിക്കുന്നത്. യൂട്യൂബ് ചാനലിൽ 7 വ്യത്യസ്ത വിഷയങ്ങളെ അടിസ്ഥാനമാക്കി 35 സെഷനുകളുടെ 35

വീഡിയോ അവതരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ ജെൻഡർ റിസോഴ്സ് പേഴ്സൺമാരാണ് ജെൻഡർ ഓൺലൈൻ സ്കൂൾ എന്ന യൂട്യൂബ് ചാനലിലൂടെ സെഷനുകൾ അവതരിപ്പിക്കുന്നത്. താല്പര്യമുള്ളവർക്ക് ചാനൽ സബ്സ്ക്രൈബ് ചെയ്യാമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ അറിയിച്ചു. ഓരോ സെഷനെ കുറിച്ചുള്ള സംശയങ്ങളും അഭിപ്രായങ്ങളും വീഡിയോയ്ക്ക് താഴെ കമന്റ് ബോക്സിൽ രേഖപ്പെടുത്താം. ജെൻഡർ ഓൺലൈൻ സ്കൂളിലെ ആദ്യ വീഡിയോ അവതരണം https://youtu.be/OoxImYUed0o എന്ന ലിങ്കിൽ ലഭ്യമാണ്.

***ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ തൃശൂർ ജില്ലാ മിഷൻ ആരംഭിച്ച ജെൻഡർ ഓൺലൈൻ സ്കൂൾ യൂട്യൂബ് ചാനൽ***

## വൈദ്യുതി മുടക്കം

കെഎസ്ഇബി പട്ടിക്കാട് സബ് സ്റ്റേഷൻ പരിധിയിൽ വരുന്ന മണ്ടൻച്ചിറ, തോന്നിക്കൽ എന്നിവിടങ്ങളിൽ ബുധനാഴ്ച (മെയ് 20) രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ച് വരെ വൈദ്യുതി വിതരണം തടസ്സപ്പെടുമെന്ന് അസി. എഞ്ചിനീയർ അറിയിച്ചു.

## ഓൺലൈൻ മുഖേന പരാതി
## പരിഹാരം ഉറപ്പുവരുത്തി യുവജനകമ്മീഷൻ

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ മുഖേനെ സേവനങ്ങൾ മുടങ്ങാതെ ലഭ്യമാക്കാനുള്ള സംവിധാനം ഉറപ്പു വരുത്തിയ യുവജന കമ്മീഷൻ നടപടി ശ്രദ്ധേയമാകുന്നു. ലോക്ഡൗൺ പശ്ചാത്തലത്തിലാണ് യുവജന കമ്മീഷൻ ഓൺലൈനായി പരാതി സ്വീകരിക്കുകയും പരാതിയിന്മേൽ സ്വീകരിച്ച നടപടി ഓൺലൈനായി തന്നെ പരാതിക്കാരനെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത്. പ്രളയത്തിൽ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ നഷ്ടമായ ആലപ്പുഴ കട്ടച്ചിറ സ്വദേശി രാഹുൽ വി ആർ ഓൺലൈനായി സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കാൻ സഹായം ആവശ്യപ്പെട്ടു കൊണ്ട് ഓണലൈനായി പരാതി യുവജനകമ്മീഷന് സമർപ്പിച്ചതോടെ പരാതി പരിഹാരത്തിന്റെ നവീന മാതൃകയിലേക്ക് കമ്മീഷൻ ചുവടുവയ്ക്കുകയായിരുന്നു. എത്രയും വേഗം വേണ്ട നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും വിവരം പരാതിക്കാരനെ ഓൺലൈനായി അറിയിക്കുകയും ചെയ്തു. ഓൺലൈൻ പരാതി പരിഹാര സംവിധാനം ലോക്ഡൗണിന് ശേഷം വ്യാപകമാക്കാനാണ് കമ്മീഷന്റെ തീരുമാനം. ഓൺലൈൻ പരാതി പരിഹാര അദാലത്തുകൾ നടത്താനുള്ള സംവിധാനം യുവജന കമ്മീഷൻ ഒരുക്കുമെന്നും യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം അറിയിച്ചു.

## കമ്പ്യൂട്ടർ ജോലികൾക്കായി
## താത്കാലിക ജീവനക്കാരെ നിയമിക്കുന്നു

തൃശൂർ ഗവ ലോ കോളേജ് ലൈബ്രറിയിൽ പ്രവർത്തിക്കുന്ന സൈബർ സ്റ്റേഷനിലേക്ക് കമ്പ്യൂട്ടർ സംബന്ധമായ ജോലികൾ ചെയ്യുന്നതിനും ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിനും താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നു. ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ മെയ് 27ന് 12 മണിക്ക് കോളേജിൽ വെച്ച് നടത്തും. പ്ലസ് ടുവാണ് മിനിമം യോഗ്യത. കൂടാതെ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന കോഴ്സ് പാസ്സാവുകയും ഫോട്ടോസ്റ്റാറ്റ് എടുക്കാൻ അറിയുകയും വേണം. കൂടുതൽ വിവരങ്ങൾക്ക് 0487-2360150.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്
## ചൊവ്വാഴ്ച (മെയ് 19) ലഭിച്ചത് 78,000 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും ചൊവ്വാഴ്ച (മെയ് 19) ലഭിച്ചത് 78,000 രൂപ. ചെക്ക്/ഡിഡി ഇനത്തിൽ 78,000 രൂപ ലഭിച്ചു. ഇതോടെ ജില്ലയിൽ നിന്നും 2020 ഏപ്രിൽ മുതൽ മെയ് 19 വരെ സിഎംഡിആർഎഫിലേക്ക് ലഭിച്ച മൊത്തം തുക 3,98,22,066

രൂപയായി. ചെക്ക്/ഡിഡി നൽകിയവർ: ഗുരുവായൂർ ദേവസ്വത്തിലെ താൽക്കാലിക ജീവനക്കാർ-22,000, ഗുരുവായൂർ ദേവസ്വം ശ്രീവത്സം അനക്സ് സെന്ററിലെ താൽക്കാലിക ജീവനക്കാർ-56,000.

## സുഭിക്ഷ കേരളം പദ്ധതി : മുള്ളൂർക്കര പഞ്ചായത്ത് യോഗം നടത്തി

മുള്ളൂർക്കര പഞ്ചായത്തിൽ തരിശ് നിലങ്ങൾ കണ്ടെത്തുന്നതിനും കൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി തൈകളും വിത്തുകളും നൽകുവാനും സുഭിക്ഷ കേരളം പദ്ധതി വാർഡ്തല കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനമായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എച്ച് അബ്ദുൾ സലാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി കെ എ അൻസാർ അഹമ്മദ് പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ച വൈസ് പ്രസിഡന്റ് മിനി രാധാകൃഷ്ണൻ, കൃഷി അസിസ്റ്റന്റായ മനു എന്നിവർ നയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: മുള്ളൂർക്കര പഞ്ചായത്തിൽ നടന്ന സുഭിക്ഷ കേരളം പദ്ധതി യോഗം***

## മാടക്കത്തറയിൽ സ്മാർട്ട് അങ്കണവാടി ഒരുങ്ങുന്നു

മാടക്കത്തറ ഗ്രാമ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ മേപാടത്ത് സ്മാർട്ട് അങ്കണവാടി ഒരുങ്ങുന്നു. 2019-20 വർഷത്തെ ഒല്ലൂക്കര ബ്ലോക്ക് പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നുമുള്ള 12 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. മൂന്ന് സെന്റ് സ്ഥലത്താണ് സ്വന്തമായി അങ്കണവാടി കെട്ടിടം ഉയരുന്നത്. കെട്ടിടം പണിപൂർത്തീകരിച്ച് ചുറ്റുമതിൽ, ഗോവണി, മേൽക്കൂരയുടെ പണികളും നടന്നുവരുന്നു. ഏതാണ്ട് 20 കുട്ടികൾക്കാണ് ഇവിടെ പ്രവേശനം നൽകുക. കുട്ടികളുടെ ബാഗുകളും മറ്റും സൂക്ഷിക്കുന്നതിനായി ഷെൽഫുകളും, ഭക്ഷണം കഴിക്കുന്നതിനുള്ള പ്രത്യേക ഇടവും അടുക്കളയിൽ നിന്നും ഹാളിലേക്ക് ഗ്ലാസ് ഡോർ സൗകര്യങ്ങളും ഒരുക്കിയിരിട്ടുണ്ട്. ഈ വർഷത്തെ സ്മാർട്ട് അങ്കണവാടി പദ്ധതിയിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതോടൊപ്പം ആർട്ട് കോ മുഖാന്തിരം കിഡ്സ് പെയിന്റിംഗ്, കുട്ടികൾക്കുള്ള മേശ, കസേര കളിക്കോപ്പുകൾ എന്നിവയും ഈ അങ്കണവാടിയിൽ ഒരുക്കിയിട്ടുണ്ട്.

## 99.21 ശതമാനം മഞ്ഞ കാർഡുടമകളും സൗജന്യ ഭക്ഷ്യസാധനക്കിറ്റ് കൈപ്പറ്റി

ജില്ലയിൽ എ എ വൈ മഞ്ഞ കാർഡുടമകൾക്കുള്ള സൗജന്യ ഭക്ഷ്യസാധനക്കിറ്റ് വിതരണം 99.21 ശതമാനം പൂർത്തിയായി. 52671 വരുന്ന കാർഡുകളിൽ 52256 പേരാണ് കിറ്റ് കൈപ്പട്ടിയത്. 99.06 ശതമാനം വരുന്ന 279223 പിങ്ക് കാർഡുടമകൾ, 94.57 ശതമാനം വരുന്ന 256477 നീല കാർഡുടമകൾ എന്നിവരും കിറ്റ് കൈപ്പറ്റി. മെയ് 15 ന് ആരംഭിച്ച വെള്ള കാർഡുകളുടെ കിറ്റ് വിതരണം 69.92 ശതമാനം പൂർത്തിയായി. 161730 കാർഡുടമകളാണ് കിറ്റ് കൈപ്പറ്റിയത്. പിഎംജികെഎവൈ പദ്ധതി പ്രകാരം മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് ആരംഭിച്ച ചെറുപയർ വിതരണത്തിൽ 71.25 ശതമാനം എ എ വൈ കാർഡുടമകളും 71.22 ശതമാനം പിങ്ക് കാർഡുടമകളും വിഹിതം കൈപ്പറ്റി.

## ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കാം

ഭാഗ്യക്കുറി ക്ഷേമനിധിയിൽ 2015 മാർച്ച് മാസം വരെ അംശദായം അടയ്ക്കുകയും അതിന് ശേഷം അംഗത്വം റദ്ദായിപ്പോയിട്ടുള്ളതുമായ ജില്ലയിലെ എല്ലാ ക്ഷേമനിധി അംഗങ്ങൾക്കും നാളിതുവരെയുള്ള അംശദായ കുടിശിക പിഴയോടു കൂടി അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. ശരാശരി 30,000 രൂപയുടെ ടിക്കറ്റുകൾ വില്പന നടത്തിയതിന്റെ ബില്ലുകൾ ഹാജരാക്കുക. മെയ് 18 മുതൽ ജൂൺ 30 വരെ ഈ അവസരം

പ്രയോജനപ്പെടുത്താവുന്നതാണെന്നും ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0487-2360490.

# പതിനായിരം സൗജന്യ ഡയാലിസിസ് പൂർത്തിയാക്കി കൊടുങ്ങല്ലൂർ താലൂക്ക് ഗവ ആശുപത്രി

പതിനായിരം സൗജന്യ ഡയാലിസിസ് പൂർത്തിയാക്കി കൊടുങ്ങല്ലൂർ താലൂക്ക് ഗവ ആശുപത്രി. ഒരു കോടി രൂപയാണ് ഇത്രയും ഡയാലിസിസ് പൂർത്തിയാക്കിയതിന് ചെലവായ തുക. ഒരു ദിവസം 18 പേർക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നു. ഒരാൾക്ക് ആഴ്ചയിൽ മൂന്ന് തവണയെങ്കിലും ചെയ്യേണ്ടി വരുന്നുണ്ട്. നിലവിൽ 48 രോഗികൾക്ക് ഡയാലിസിസ് ചെയ്തു വരുന്നു.

2016 ആഗസ്റ്റ് 26 നാണ് താലൂക്ക് ആശുപത്രിയിൽ സൗജന്യ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നത്. മുൻ എംപി ഇന്നസെന്റിന്റെ എംപി ഫണ്ട് ഉപയോഗിച്ചു വാങ്ങിയ നാല് ഡയാലിസിസ് മെഷിനുകൾ ഉപയോഗിച്ചായിരുന്നു ആദ്യത്തെ പ്രവർത്തനം. 2016 സെപ്റ്റംബർ 19 ന് മണിലാൽ എന്ന വ്യക്തിക്ക് ഡയാലിസിസ് ചെയ്ത് പദ്ധതിക്ക് തുടക്കമായി. 2018ൽ കിഫ് ബി ഫണ്ടുപയോഗിച്ച് 6 മെഷീനുകൾ കൂടി ആസ്പത്രിയിലേക്ക് ലഭിച്ചു. ഇപ്പോൾ 10 മെഷീനുകൾ പ്രവർത്തനക്ഷമമാണ്. ഡയാലിസിസിസിന് മാത്രമായി കൊടുങ്ങല്ലൂർ നഗരസഭയിൽ നിന്ന് 60 ലക്ഷം രൂപ നൽകിയതായി നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ പറഞ്ഞു.

10000 ഡയാലിസിസ് പൂർത്തിയായതിന്റെ പ്രഖ്യാപനം അഡ്വ വി.ആർ.സുനിൽകുമാർ എംഎൽഎ നിർവ്വഹിച്ചു. നഗരസഭ ചെയർമാൻ കെ ആർജൈത്രൻ അദ്ധ്യക്ഷത വഹിച്ചു. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.ടി.വി.റോഷ്, ഡോ.സുനിൽ, വിവിധ കൗൺസിലർമാർ എന്നിവർ പങ്കെടുത്തു. ഡയാലിസിസ് യൂണിറ്റിലെ ഡോക്ടറെയും ടെക്നീഷ്യനെയും ജീവനക്കാരെയും എംഎൽഎയും ചെയർമാനും ചേർന്ന് ചടങ്ങിൽ ആദരിച്ചു.

# ലോക്ക് ഡൗണിൽ കുടിവെള്ളക്ഷാമത്തിന് അറുതി; പൈനൂർ കടലായിക്കുളം പദ്ധതി യാഥാർത്ഥ്യമായി

എടത്തിരുത്തി പഞ്ചായത്തിലെ പൈനൂർ നിവാസികൾക്ക് ഇനി ആശ്വാസത്തിന്റെ ദിനങ്ങൾ. ഏറെ കാലങ്ങളായി തുടരുന്ന പൈനൂർ നിവാസികളുടെ കടുത്ത കുടിവെള്ള ക്ഷാമത്തിനാണ് ഈ ലോക്ക് ഡൗൺ കാലത്ത് അറുതിയായത്. കടലായിക്കുളം കുടിവെള്ള പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുൻ എംപി ഇന്നസെന്റ് നിർവ്വഹിച്ചതോടെയാണ് പൈനൂർ നിവാസികളുടെ സ്വപ്നസാക്ഷാത്കരത്തിന് തിരി തെളിഞ്ഞത്. എടത്തിരുത്തി പഞ്ചായത്തിലെ പൈനൂർ പല്ലയിലുള്ള കടലായിക്കുളത്തിൽ കിണർ, മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ച് ശുദ്ധീകരിച്ച വെള്ളം പൊതു ടാപ്പുകളിലൂടെ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എത്തിക്കുന്നതാണ് പദ്ധതി.

പൈനൂരിൽ നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നായിരുന്നു കുടിവെള്ളം വിതരണം ചെയ്തിരുന്നത്. എന്നാൽ ഇടക്കാലത്ത് വെള്ളം വിതരണം ചെയ്യുന്ന പൈപ്പ് ലൈനുകളിൽ മർദ്ദം കുറഞ്ഞതിനാൽ ഈ പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിയിരുന്നില്ല. ജലക്ഷാമം രൂക്ഷമായതോടെ നാട്ടുകാർ ബന്ധുവീടുകളിലും മറ്റും അഭയം തേടേണ്ട സ്ഥിതി ഉണ്ടായി. ഇതിനെ തുടർന്ന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2017ൽ കടലായിക്കുളം കുടിവെള്ള പദ്ധതിക്ക് രൂപം നൽകി. അന്നത്തെ നിയോജക മണ്ഡലം എംപി ഇന്നസെന്റിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 72 ലക്ഷം രൂപ ഉപയോഗിച്ചാണ് പദ്ധതി പ്രാവർത്തികമാക്കിയത്.

ഇത് പ്രകാരം 4 മീറ്റർ വ്യാസവും 8.5 മീറ്റർ താഴ്ചയുമുള്ള കോൺക്രീറ്റ് കിണർ നിർമ്മിച്ച് അതിനു മുകളിൽ പമ്പ് ഹൗസ് സ്ഥാപിച്ചു. അതോടൊപ്പം വെള്ളം ശുദ്ധീകരിക്കുന്നതിനായി പ്രഷർ ഫിൽറ്റർ, അയേൺ റിമൂവൽ പ്ലാന്റ്, ക്ലോറിൻ ഡോസിങ്ങ് യൂണിറ്റ്, 10 കുതിരശക്തിയുള്ള 2 മോട്ടോർ പമ്പ് സെറ്റ് എന്നിവയും 110 എംഎം വ്യാസമുള്ള പൈപ്പ് ലൈൻ നാലായിരം മീറ്ററോളം

സ്ഥാപിക്കുകയും ചെയ്തു. ഇതുവഴി 18 പൊതുടാപ്പുകളിൽ കൂടി ശുദ്ധജല വിതരണം ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിയത്. പ്രദേശത്തെ 2100 ജനങ്ങൾക്കാണ് ഇതുവഴി പ്രയോജനമുണ്ടായത്. കേരള ജല അതോറിറ്റിക്കായിരുന്നു നിർമ്മാണചുമതല.

***ഫോട്ടോ അടിക്കുറിപ്പ്: കടലായി കുളം കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം പൈനൂരിൽ മുൻ എംപി ഇന്നസെൻറ് നിർവഹിക്കുന്നു***